**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 860** **06-12-2022 - ൽ മറുപടിയ്ക്ക്**

**നാട്ടരങ്ങ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | ഏത് വകുപ്പിന്റെ സാങ്കേതിക വിഭാഗമാണ് നാട്ടരങ്ങ് പദ്ധതിക്ക് വേണ്ടി പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ടത് എന്നറിയിക്കുമോ; | (എ) | സാംസ്കാരിക പ്രവർത്തനങ്ങൾക്കായി മതിയായ പൊതു ഇടങ്ങൾ ഇല്ലാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സൗകര്യപ്രദങ്ങളായ പാതയോരങ്ങൾ കണ്ടെത്തി അവിടെ ഗതാഗത തടസ്സമില്ലാതെ കലാസാംസ്കാരിക പ്രവർത്തനത്തിന് ഒരു വേദി ഒരുക്കുന്ന പദ്ധതിയാണ് നാട്ടരങ്ങ്. ഒരു തുറന്ന സ്റ്റേജും ഒരു ചമയ മുറിയും ഏതാനും ചാരു ബഞ്ചുകളുമാണ് നിർമ്മിക്കപ്പെടുന്നത്. പ്രകൃതി സൗഹൃദ നിർമ്മാണ രീതിയാണ് അനുവർത്തിക്കുന്നത്. മേൽപ്പറഞ്ഞ ഘടകങ്ങൾ ഉൾപ്പെടുത്തി 20 ലക്ഷം രൂപയുടെ പ്രോജക്റ്റ് റിപ്പോർട്ടാണ് തയ്യാറാക്കുന്നത്. നിർവ്വഹണ ഏജൻസിയായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, നിർമ്മിതി കേന്ദ്രം തുടങ്ങിയ ഗവൺമെന്റ് അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തിയാണ് നാട്ടരങ്ങുകൾ സ്ഥാപിച്ചു വരുന്നത്. പ്രസ്തുത നിർവ്വഹണ ഏജൻസികൾ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെയും പ്ലാനിന്റേയും അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ വർക്ക് ഓർഡർ നൽകി തുടർന്ന് കരാറിൽ ഒപ്പു വച്ച ശേഷം നിർമ്മാണം ആരംഭിക്കുകയാണ് ചെയ്യുന്നത്. നിർമ്മാണം പൂർത്തിയാക്കിയ നാട്ടരങ്ങുകളുടെ മേൽനോട്ട ചുമതല അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. |
| (ബി) | എന്തൊക്കെ വിശദാംശം ആണ് പ്രസ്തുത പ്രൊജക്റ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതെന്ന് വിശദമാക്കുമോ; | (ബി) | സാംസ്കാരിക പ്രവർത്തനങ്ങൾക്കായി മതിയായ പൊതു ഇടങ്ങൾ ഇല്ലാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സൗകര്യപ്രദങ്ങളായ പാതയോരങ്ങൾ കണ്ടെത്തി അവിടെ ഗതാഗത തടസ്സമില്ലാതെ കലാസാംസ്കാരിക പ്രവർത്തനത്തിന് ഒരു വേദി ഒരുക്കുന്ന പദ്ധതിയാണ് നാട്ടരങ്ങ്. ഒരു തുറന്ന സ്റ്റേജും ഒരു ചമയ മുറിയും ഏതാനും ചാരു ബഞ്ചുകളുമാണ് നിർമ്മിക്കപ്പെടുന്നത്. പ്രകൃതി സൗഹൃദ നിർമ്മാണ രീതിയാണ് |

| | | | |
|---|---|---|---|
| | | | അനുവർത്തിക്കുന്നത്. മേൽപ്പറഞ്ഞ ഘടകങ്ങൾ ഉൾപ്പെടുത്തി 20 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ടാണ് തയ്യാറാക്കുന്നത്. നിർവ്വഹണ ഏജൻസിയായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, നിർമ്മിതി കേന്ദ്രം തുടങ്ങിയ ഗവൺമെന്റ് അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തിയാണ് നാട്ടരങ്ങുകൾ സ്ഥാപിച്ചു വരുന്നത്. പ്രസ്തുത നിർവ്വഹണ ഏജൻസികൾ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെയും പ്ലാനിന്റേയും അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ ഡയറക്ടർ വർക്ക് ഓർഡർ നൽകി തുടർന്ന് കരാറിൽ ഒപ്പ വച്ച ശേഷം നിർമ്മാണം ആരംഭിക്കുകയാണ് ചെയ്യുന്നത്. നിർമ്മാണം പൂർത്തിയാക്കിയ നാട്ടരങ്ങുകളുടെ മേൽനോട്ട ചുമതല അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. |
| (സി) | പ്രസ്തുത പദ്ധതി നോൺ പി.എം.സി (നോൺ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി) അക്രെഡിറ്റഡ് ഏജൻസികൾ വഴി നടപ്പിലാക്കുന്നതിന് സാധിക്കുമോ എന്നറിയിക്കുമോ? | (സി) | നാട്ടരങ്ങ് പദ്ധതി നോൺ പി.എം.സി അക്രഡിറ്റഡ് ഏജൻസി വഴി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ